**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1237 02/05/2017-ൽ മറുപടിയ്ക്ക്**
**ചെറുതോണി ബസ് ടെർമിനൽ കം അഗ്രോ മാർക്കറ്റ് നിർമ്മാണം**

| **ചോദ്യം**<br>**ശ്രീ.റോഷി അഗസ്റ്റിൻ** | | **മറുപടി**<br>**ശ്രീ.കെ.റ്റി. ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | ഇടുക്കി മെഡിക്കൽ കോളേജിനു സമീപം ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് നിർമ്മിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ചെറുതോണി ബസ് ടെർമിനൽ കം അഗ്രോ മാർക്കറ്റ് പദ്ധതിക്ക് എന്നാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ഭരണാനുമതി നല്കി ഉത്തരവിറക്കിയത്; പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ; | (എ) | 25/02/2014 - ലെ സ.ഉ (സാധാ)നം. 547/14/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനാണ് നടപടികളുണ്ടായിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നല്കിയശേഷം നാളിതുവരെ പദ്ധതി പ്രാവർത്തികമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | ടി പദ്ധതിയ്ക്കായി 05/08/2015 -ൽ ജില്ലാ പഞ്ചായത്തും കിറ്റ്കോയും തമ്മിൽ എഗ്രിമെന്റിലേർപ്പെടുകയും പദ്ധതിയുടെ പ്ലാൻ കിറ്റ്കോ തയ്യാറാക്കുകയും ചെയ്തു. എഗ്രിമെന്റിൻ പ്രകാരമുള്ള ആദ്യ ഗഡുവായ 6838290/- രൂപ കിറ്റ്കോ ആവശ്യപ്പെടുകയും സർക്കാർ ഉത്തരവ് നം. 603/16/തസ്വഭവ തീയതി. 12/02/2016 പ്രകാരം പ്ലാൻ ശീർഷകത്തിൽ നിന്നും തുക മാറി നല്കുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും അക്കൗണ്ടിൽ പണമില്ലാത്തതിനാൽ തുക നല്കുവാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നിലവിൽ കാലതാമസം ഉണ്ടാകുന്നതിന് കാരണം എന്താണ്; | (ഡി) | 2010 -ലെ ഷെഡ്യൂൾ റേറ്റ് പ്രകാരമാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. നിലവിലെ റേറ്റ് അനുസരിച്ച് അടങ്കലിൽ വലിയ വ്യത്യാസം ഉണ്ടാകും. തുകയിലുള്ള വർദ്ധനവ് ലഭ്യമാക്കുന്നതിന് ബാങ്ക് ലോൺ ഉൾപ്പെടെയുള്ള മറ്റ് സ്രോതസ്സുകൾ കണ്ടെത്തുവാൻ കഴിയുമോ എന്ന് പരിശോധിച്ചുവരികയാണ്. |
| (ഇ) | പ്രസ്തുത പദ്ധതി വീണ്ടും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ടും അനുബന്ധ വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് 19.11.2016-ൽ ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് വകുപ്പ് സെക്രട്ടറി കത്തു നല്കിയിരുന്നോയെന്ന് വ്യക്തമാക്കുമോ; | (ഇ) | നൽകിയിരുന്നു. |
| (എഫ്) | ഇപ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ട് കൈപ്പറ്റിയതിനു ശേഷം പ്രസ്തുത പ്രോജക്ട് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ വച്ചിരുന്നോ; വ്യക്തമാക്കുമോ; | (എഫ്) & (ജി) | സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുന്നതിനായി അടങ്കലിലെ വ്യത്യാസം മൂലം ഉണ്ടാകുന്ന അധിക തുക കണ്ടെത്തുന്നതിനായി ബാങ്ക് ലോൺ ഉൾപ്പെടെയുള്ള മറ്റ് സ്രോതസ്സുകൾ പരിശോധിച്ച് പുതുക്കിയ പ്രോപ്പോസൽ സമർപ്പിക്കാൻ 22/3/2017 - ലെ 11/ ഡി.ബി.2/2016/തസ്വഭവ നമ്പർ കത്ത് പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. |
| (ജി) | ഇടുക്കി ജില്ലാ ആസ്ഥാനത്ത് ദീർഘവീക്ഷണത്തോടു കൂടി നടപ്പാക്കാൻ വിഭാവനം ചെയ്തിട്ടുള്ള പ്രസ്തുത പദ്ധതിയുടെ നിർമ്മാണം നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

അസ്സൽ.

GOVERNMENT OF KERALA

Abstract

Local Self Government Department - Construction of Bus Terminal and Agro market at Cheruthoni in Idukki district – Administrative sanction accorded -Orders issued.

---

LOCAL SELF GOVERNMENT (DB) DEPARTMENT

G.O(Rt)No.547 /2014/LSGD Thiruvananthapuram, dtd. 25/02/2014.

Read:- 1)Para 212(b) of budget speech 2012-13

2)Letter No.T- 209/11 DW dated 20/08/13 of the Secretary District panchayat, Idukki

3)Minutes of the Special working group meeting held on 09/01/201

ORDER

In the budget speech for the year 2012-13, it has been declared to establish a new Bus Terminal in Idukki District. As per reference 2nd cited, the Secretary , District Panchayat, Idukki has submitted an estimate amounting to Rs. 39.99 crore ( Rupees Thirty nine crore and ninety nine lakhs only) prepared by KITCO for the construction of Bus Terminal cum Agro Market at Cheruthoni in Idukki.

2..The special working group meeting held on 09/01/2014, after detailed discussion has approved the proposal for issuance of administrative sanction for Rs. 39.99 crore for the said work.

(...2....)

3. Government have examined the matter in detail and are pleased to accord Administrative sanction for the work " Construction of Bus Terminal cum Agro Market at Cheruthoni in Idukki District at an estimate cost of Rs. 39.99 crore.

By Order of the Governor

RAJAN KHOBRAGADE

SECRETARY.

To

The Secretary, district Panchayat. Idukki.
The Principal Accountant General (A&E/Audit) Kerala, Thiruvananthapuram.
The Accountant General (LBA&A), Thiruvananthapuram.
The Director, Local Fund Audit Department, Thiruvananthapuram.
The Local Self Govt.( F M ) Department
Stock file / Office Copy

Approved for issue

Section Officer